# ഉള്ളൂർ എസ്. പരമേശ്വരയ്യർ.

"ആശാൻ ഉള്ളൂർ വള്ളത്തോൾ എന്നിവർ റൊമാന്റിക് കവികളായാണറിയപ്പെടുന്നതെങ്കിലും അവരുടെ പാരമ്പര്യം ക്ലാസ്സിക് സാഹിത്യത്തിന്റേതായിരുന്നു"
ഡോ. സി. ബെഞ്ചമിൻ.

"അനുഭൂതികൾ ധ്വന്യാത്മകതയെ ഒട്ടൊക്കെ ബാധിച്ചാലും ആ കവിതകൾക്കൊക്കെ ഒരോജസ്സുണ്ട്."
– ജോസഫ് മുണ്ടശ്ശേരി.

"ഹൃദയത്തിന്റെ നൈർമല്യമാകുന്നു അദ്ദേഹത്തിന്റെ മുഖ്യഗുണം" – വടക്കുംകൂർ രാജരാജവർമ്മ

"ശ്ലോകത്തിലും ഭാവത്തിലും നിന്നുവരുന്നവയെക്കാൾ ചിന്തയിൽ നിന്നും പൊന്തിവരുന്ന ഭാവനകൾ ആണ് അദ്ദേഹത്തിന് ഹൃദ്യമായി തോന്നിയത്" – ഡോ. കെ ഭാസ്കരൻ നായർ.

1877 ൽ ആണ് ഉള്ളൂരിന്റെ ജനനം. സംസ്കൃതത്തോടുള്ള വിശേഷപ്രതിപത്തി, അലങ്കാരങ്ങളിൽ ഉള്ള ആവേശം, പ്രാസനിഷ്കർഷ എന്നിവ ഉള്ളൂരിന്റെ സവിശേഷ സ്വഭാവങ്ങൾ ആയി കണക്കാക്കാം. കേരളവർമ്മപ്രസ്ഥാനത്തിന്റെ അസാധാരണ സ്വാധീനത്തിൽ അദ്ദേഹത്തിന്റെ കവിതകൾ പിറന്നു വീണു.

ഒരു ചമ്പൂകാവ്യം – സുജാതോദ്വാഹം – ഒരു മഹാകാവ്യം – ഉമാകേരളം – 13 ഖണ്ഡകാവ്യങ്ങൾ പത്ത് കവിതാസമാഹാരങ്ങൾ എന്നിവയാണ് ഉള്ളൂർ കാവ്യദേവതയ്ക്ക് നൽകിയ സംഭാവനകൾ

ഭാഷാചമ്പുക്കളെക്കുറിച്ചുള്ള പഠനം, വിജ്ഞാനദീപിക [4 വാല്യം ഗവേഷണനിരൂപണോപന്യാസങ്ങൾ] കേരളസാഹിത്യചരിത്രം [7 വാല്യം] എന്നിങ്ങനെ മറ്റ് സാഹിത്യരചനകളും നിർവ്വഹിച്ചു.

തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് ഭാഷകളിൽ അസാമാന്യപാടവം പ്രദർശിപ്പിച്ചു ഉള്ളൂർ.

"അദ്ദേഹത്തിന്റെ കവിതകൾക്ക് നിയോക്ലാസിക് പ്രവണതകളുടെ വർധിച്ച മേദസ്സുണ്ടായിരുന്നു എങ്കിലും അതോടൊപ്പം രാജകീയ പ്രൗഢിയും അന്തസ്സും ആർഭാടങ്ങളും കൂടിച്ചേർന്ന് ഒരു അനന്യത്വം സൃഷ്ടിച്ചു" - എം. ലീലാവതി.

ഉമാകേരളം മലയാള മഹാകാവ്യങ്ങളിൽ വച്ച് ശ്രേഷ്ഠമാണെന്നും നൈഷധചരിതത്തോട് തുലനം ചെയ്യാവുന്ന പ്രൗഢി അതിനുണ്ടെന്നും കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രസ്താവിക്കുന്നു. പുരാണേതരമായ ഒരു ഇതിവൃത്തം മഹാകാവ്യത്തിന് സ്വീകരിക്കുക എന്നത് തന്നെ ചിന്തിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ ചരിത്ര വസ്തുതകളോട് ചേർന്നു നിൽക്കുന്ന ഒരു ഇതിവൃത്തം സ്വീകരിക്കുകയായിരുന്നു ഉള്ളൂർ.

ഇതിവൃത്ത സ്വീകരണത്തിൽ എന്നവണ്ണം കാല്പനികതയ്ക്കു അമിത പ്രാധാന്യം നൽകിക്കൊണ്ട് അദ്ദേഹം ഉമാകേരളത്തിന്റെ രചന നിർവ്വഹിച്ചത്. നാടകീയമായ സംഘടനങ്ങളും ചടുലമായ അവതരണരീതിയും കൊണ്ട് ശ്രദ്ധേയമായിരുന്നു ഉമാകേരളം. കൃതികളെ അഭിസംബോധ ചെയ്തുകൊണ്ടുള്ള സർഗ്ഗാരംഭവും പുതുമയുള്ള രീതിയായിരുന്നു. ശൃംഗാരം വീരം ഭക്തി കരുണം ബീഭത്സം രൗദ്രം ഭയാനകം എന്നീ രസങ്ങൾക്കു പുറമേ ഹാസ്യരസത്തിനും പ്രാധാന്യം നൽകിയിരുന്നു ഉള്ളൂർ.

"അടിയിൽ നിന്നിയ്ക്കുണ്ടാം ജന്മവെന്നാലതെല്ലാ-
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ"

എന്നിങ്ങനെ ദേവതകളെ സ്തുതിക്കുന്ന വരികളും ഉമാകേരളത്തിൽ നിന്ന് കണ്ടെത്താം. ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ കാവ്യരചന.

" ഉള്ളൂരിന്റെ കവനസിദ്ധികളും വൈദഗ്ദ്ധ്യങ്ങളും ഒത്തുചേർന്ന് പ്രതിഫലിക്കുന്ന കൃതി ഉമാകേരളം തന്നെയാണ്" എം. ലീലാവതി.

"മലയാള മഹാകാവ്യങ്ങളുടെ ഗണത്തിൽ അത്യുദഗ്രമായ ഒരു സ്ഥാനം ഉമാകേരളത്തിനുണ്ട്" ഡോ. സി. ബഞ്ചമിൻ

"ഉമാകേരളം അപൂർവ്വമായ ഔജ്ജ്വല്യം കൊണ്ട് ഒറ്റപ്പെട്ടു നിൽക്കുന്നു." കെ.പി. ശങ്കരൻ.

കവിയുടെ ആത്മവത്ത ആ കാവ്യത്തിന്റെ പ്രമേയത്തോടു പുലർത്തിയ യോജിപ്പ് കൊണ്ടാണ് അസാധാരണമായ ആ കാവ്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

വിദേശാധിപത്യത്തിനെതിരെ പോരാടിക്കാനും, ഭൂതകാലമഹത്വം നാട് വീണ്ടെടുക്കാനും പ്രേരണ ചെലുത്തുന്ന കാവ്യമെന്ന നിലയിൽ ആണ് ഉമാകേരളത്തിന്റെ കാലിക പ്രസക്തി.

ആദിത്യവർമ്മ എന്ന ദുർബലനായ രാജാവിന്റെ മന്ത്രിയായിരുന്നു തമ്പാൻ. തമ്പാന്റെ കാമുകിയായിരുന്നു ആദിത്യവർമ്മയുടെ മകളായ കല്യാണി. ശത്രുക്കളായ എട്ടുവീട്ടിൽ പിള്ളമാർ തമ്പാനെ കുടുക്കാനായി ചെമ്പഴന്തി പിള്ളയെ കൊണ്ട് കൊട്ടാരത്തിന് തീവച്ചു. അത് തമ്പാന്റെ തോളിൽ കെട്ടിവയ്ക്കാനുള്ള ഉപജാപവും നിർവ്വഹിച്ചു. ചെമ്പഴന്തി പിള്ളയുടെ ശരീരത്തിൽ നിന്നും കിട്ടിയ രത്നം തമ്പാന് എതിരായി. തമ്പാനെ രാജാവ് നാടുകടത്തി. തമ്പുരാനെ വിഷം നൽകി എട്ടുവീട്ടിൽ പിള്ളമാർ കൊന്നു. അദ്ദേഹത്തിന്റെ സഹോദരിയായ ഉമയമ്മ റാണി രാജ്യഭാരം ഏറ്റെടുത്തു. റാണിയുടെ അഞ്ച് മക്കളെ എട്ടുവീട്ടിൽ പിള്ളമാർ കുമ്പാരൻകുളത്തിൽ മുക്കിക്കൊന്നു.
അഞ്ചുതെങ്ങിൽ കോട്ട പണിയാൻ ~~[illegible]~~

ഇംഗ്ലീഷുകാർക്ക് അവസരം നൽകിയത് ഉമയമ്മ റാണിയാണ്. ഭാവചര്യവാദിയായാണ് മഹാകാവ്യം

## വർണ്ണകാവ്യങ്ങൾ

പതിനൊന്ന് വർണ്ണകാവ്യങ്ങൾ ഉള്ളൂരിന്റേതായുണ്ട്.

കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക, ചിത്രശാല എന്നിവയാണ് പ്രധാന വർണ്ണകാവ്യങ്ങൾ.

"കൈരളിയുടെ കർണ്ണപൂരം" എന്നാണ് കർണ്ണഭൂഷണത്തെ സഞ്ജയൻ വിശേഷിപ്പിക്കുന്നത്. മഹാഭാരതകഥയിലെ അനശ്വരതേജസ്സായ കർണ്ണനെ ഇതിവൃത്തമാക്കിയാണ് ഈ കൃതി രചിച്ചിരിക്കുന്നത്.

'ഉള്ളൂർകവിതകളുടെ താഴികക്കുടം' എന്ന് ഡോ. എരുമേലി പരമേശ്വരൻപിള്ള കർണ്ണഭൂഷണത്തെ വിശേഷിപ്പിച്ചത്. ദാനശീലവും വീര്യവും ആത്മത്യാഗവും ഒത്തിണങ്ങിയ കഥാപാത്രങ്ങൾ കർണ്ണനോളം കാണുക പ്രയാസമാണ്. നിസ്വാർത്ഥസേവനത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി കർണ്ണനെ ആവിഷ്കരിക്കുന്നു.

"താനേ താൻ വന്നിങ്ങു യാചിച്ചാൽ
ചോദ്യം ഞാൻ
പ്രാണനും ദേഹവും നൽകിയേനെ"

എന്നിങ്ങനെ കർണ്ണന്റെ മനോവ്യാപാരങ്ങൾ ഉള്ളൂർ ആവിഷ്കരിക്കുന്നു.

ഇന്ദ്രന്റെ അത്യാഗ്രഹത്തെ ഉള്ളൂർ വർണ്ണിക്കുമ്പോൾ അദ്ദേഹത്തിന്റെ ശൈലിയുടെ പ്രൗഢിയും ഗാംഭീര്യവും നമുക്ക് അനുഭവവേദ്യമാകുന്നു.

"വാസുകി നീർക്കോലിയാകുമെന്നോർക്കുന്നോ
വാസവൻ മോഹിക്കുന്നോ കുണ്ഡലീശൻ
നീരദമാകുമോ സർവ്വജ്ഞദേവിയെ
നീരദവാഹനയാച്ചതൊയന്തോ"

ഭാരതത്തിലും ഭാഗവതത്തിലും പരാമർശമുള്ള പിംഗള എന്ന വേശ്യയുടെ ജീവിതമാണ് ഈ പിംഗള എന്ന കാവ്യത്തിന്റെ

ഇതിവൃത്തം : ശാന്തരസപ്രധാനമായ ഒരു കാവ്യമാണ് പിങ്ഗള. ഭാരതത്തിൽ ഭാഗവതത്തിൽ പോലെ പ്രകാശം ചൊരിയുന്നതാണ് ജീവിതത്തിന്റെ ജീവിതം എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു.

ഇടയ്ക്ക് വേശ്യയെങ്കിലും അവളിൽ ഉറങ്ങിക്കിടക്കുന്ന മാതൃത്വത്തെ വിവരിക്കുവാനുള്ള ശ്രമവും കാണാം.

"ചാണിയിൽ താൻ കണ്ടിരുന്നൊരു പാലൊളി
മേവിന
മാണിക്യവല്ലിക്കു തേജസ്സില്ലല്ലോ
താൻ തിളച്ചൊഴുകും മടി മെത്തമേൽ ചേർത്തണച്ച്
തന്ത്രികളെ, ഞാനോ വിടില്ല വിടി"

ഭക്തിദീപിക ഏതു വർണ്ണവും മന്നിൽ മാന്യമാണെന്ന ഉദ്ബോധനമാണ് നടത്തുന്നത്. ചാത്തന്റെ സദ്ഗതി എന്നു കൂടി ഈ ഖണ്ഡകാവ്യത്തിന് പേരുണ്ട്.

"ആരുമാൽ മയിൽപ്പീലി കൂടവയ്ക്കിൽ
ശരിച്ചോന്നി —
ഏതു വർണ്ണവും മന്നിൽ മാന്യമെന്ന
ബോധിപ്പിച്ചിട്ടിൽ"

ഈശ്വരനെ അന്വേഷിച്ച് നടക്കുന്ന ചാത്തൻ കുടിയിൽ ദൈവത്തെ കണ്ടെത്തുന്നതാണ് ഇതിവൃത്തം.

"അഴകൂട്ടുചാൽ പരിശോഭയാർന്നിലേറ്റ്"
എന്ന് ഗ്രാമവിശുദ്ധിയുടെ സൗന്ദര്യവും തിരുത്തിക്കപ്പെട്ട വിസ്മയം. ഉമഭോഗവിന്റെ ഭാരതവിശ്വം ഉള്ളൂരിൽ സൃഷ്ടിച്ച വിചാരങ്ങൾ ആണ് ഈ കവിതയ്ക്കാധാരം.

"ഭാരത മഹിമേ! നിന്റെ ചെങ്കോലിനെ
ഇടുക്കാതിരിക്കണം —
ഭാരതകൾ വീടാം കൂട്ടിൽ കുടുങ്ങും
തത്തമ്മകൾ"

എന്നാണ് മേധാവിയായ കവി പ്രതിപാദിക്കുന്നത്.

"പുത്തനോരൊപ്പം ഭൂമിയും സ്വാതന്ത്ര്യ
കൈക്കൊണ്ടു
ചേരട്ടെ സീമാന്തം രണ്ടു കൂട്ടരും"

എന്നാണ് ഉള്ളൂർ അഭിപ്രായിക്കുന്നത്
ഇവ കൂടാതെ നൂറ്റിയെഴുപതോളം കവിതകൾ, ദീപാവലി എന്ന പേരിൽ 500 സുഭാഷിത പദ്യങ്ങൾ, ലഘുകവിതകൾ കുട്ടിക്കവിതകൾ എന്നിങ്ങനെ സമസ്ത വിഭാഗത്തിലും പെട്ട വിപുലമായ കാവ്യശേഖരമാണ് ഉള്ളൂരിന്റേത്.

വള്ളത്തോളിന്റെയോ ആശാന്റെയോ രീതിയോ ശൈലിയോ ഉള്ളൂരിൽ കാണില്ല. എന്നാൽ പാരമ്പര്യവാദി കവികളുടെ വിഭാഗങ്ങളോടും അഭ്യസിക്കുന്നവരോടും ചേർന്ന് നിൽക്കാൻ അദ്ദേഹം ഉത്സുകനായിരുന്നു. വിചാരധാര എന്ന കൃതിയിലെ ശീലുകളിലൂടെ അദ്ദേഹം വിവരിക്കുന്നു —

തൃവേർപ്പണിത്തുണ്ടുകൾ കൊണ്ടിവർക്ക്
നെറ്റിത്തടത്തിൽ പതക്കത്തെ പട്ടം
പാടത്തിലെ ചാഴ് ചെളിനീരുകൊണ്ട്
പാടീരചർച്ചയിവർക്ക്! എന്തു ചെയ്യാം!

'ഉറക്കം മതി ചങ്ങാതി — ഉത്ഥാനം ചെയ്യിടുവിൻ'' — എന്ന് ജനതയെ കർമ്മബോധമുള്ളവരാക്കുന്നവർ,

"ഒരൊറ്റമതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവണ ശശിബിംബം" എന്ന്

പ്രേമസംഗീതത്തിൽ അദ്ദേഹം പാടുന്നു.

"ഓമനേ നീയുറങ്ങെൻ മിഴിവണ്ടിണ
ഉമൽത്തേൻ കുഴമ്പിന്റെ തണ്ടം"
എന്നും

പ്രാവേ പ്രാവേ പോകരുതേ
വാ വാ കൂട്ടിനകത്താക്കാം
പാലും പഴവും വേണെങ്കിൽ
ചോറും കറിയും ഞാൻ നൽകാം
എന്നും

കുട്ടികൾക്കുവേണ്ടി എഴുതിയ കവികൂടി യാണ് ഉള്ളൂർ.